**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **983** **10.06.2019** -ലെ മറുപടി

## ഈരാറ്റിൻപുറം ടൂറിസം പദ്ധതി

ചോദ്യം
ശ്രീ.കെ.ആൻസലൻ

മറുപടി
ശ്രീ.കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വിഭാഗം ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ ടെണ്ടർ ആണ് ആദ്യഘട്ടത്തിൽ ക്ഷണിച്ചത് എന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. ആദ്യഘട്ടം 1,32,67,559 രൂപയ്ക്കാണ് ടെണ്ടർ ചെയ്തത്. |
| ബി) | പദ്ധതി പൂർത്തീകരിക്കുന്നതിന് ടൂറിസം വകുപ്പ് എത്ര കോടി രൂപയാണ് ഇറിഗേഷൻ വിഭാഗത്തിന് അഡ്വാൻസ് നൽകിയതെന്ന് വ്യക്തമാക്കാമോ; | ബി) | അഡ്വാൻസ് നൽകിയിട്ടില്ല. |
| സി) | ആദ്യഘട്ടത്തിലെ ടെണ്ടർ നടപടിയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ടെണ്ടർ ക്ഷണിച്ചത് എന്ന് വിശദീകരിക്കാമോ; പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | സി) | ആദ്യഘട്ടത്തിലെ ടെണ്ടർ നടപടിയിൽ Ticket Counter,Toilet Block, Retaining Wall and Walkway, Landscaping, Sign Board, Seater, Internal Road and Walkway, Parking, Snacks Bar, Toilet, Fencing എന്നീ പ്രവൃത്തികൾ 1,32,67,559 രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ച് 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിയും. |
| ഡി) | ടൂറിസം വകുപ്പ് ഏത് വർഷത്തിലാണ് ഈരാറ്റിൻപുറം ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഇറിഗേഷൻ വിഭാഗത്തെ ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; പദ്ധതി നടപ്പിലാക്കാൻ കാലതാമസം വരുത്തിയതിന്റെ കാരണം വിശദീകരിക്കാമോ? | ഡി) | 2017-ൽ; പ്രസ്തുത ടൂറിസം പദ്ധതിക്കു വേണ്ടിയുള്ള മുഴുവൻ സ്ഥലവും കൈമാറുന്നതിന് കാലതാമസം നേരിട്ടു. പണി പൂർത്തീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**